**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286** **26-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പല സ്റ്റേഡിയങ്ങളും ശോച്യാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏകദേശം ഒന്നര വർഷത്തിലധികം കാലയളവിൽ സംസ്ഥാനത്താകമാനം സ്റ്റേഡിയങ്ങളുടെ പ്രവർത്തനം നിലച്ചത് സ്റ്റേഡിയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയും, കായിക വകുപ്പിന്റെ ബജറ്റ് വിഹിതം, പ്ലാൻ, നോൺ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം പരിപാലനം എന്നിവയും 35-ാമത് ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെയും നവീകരണവും പരിപാലനവും നടത്തിവരുന്നുണ്ട്. കായിക വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം, കൃത്യമായ പരിപാലനം എന്നിവ ലക്ഷ്യമിട്ടും നിലവിലുള്ള സ്റ്റേഡിയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് കായിക വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ ഏകീകൃതവുമായ നടത്തിപ്പും, പരിപാലനവും ഉറപ്പ് വരുത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ കിഫ്ബി ധനസഹായത്തോടു കൂടി നിർമ്മിച്ചുവരുന്ന സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനവും പ്രസ്തുത കമ്പനി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ |

| | | | |
|---|---|---|---|
| | | | കായിക വകുപ്പ് മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ തുടർ നടത്തിപ്പ്, പരിപാലനം എന്നിവ ഉറപ്പ വരുത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട സ്ഥല ഉടമസ്ഥരുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നുണ്ട്. ഇതുകൂടാതെ കായികേതര പ്രവർത്തനങ്ങൾക്ക് സ്റ്റേഡിയങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്ന രീതി നിലവിലുണ്ട്. സ്റ്റേഡിയങ്ങളുടെ നിലനിൽപ്പിന് കായികേതര വരുമാനം ഒരു അഭിവാജ്യഘടകമാണെങ്കിലും, ഇത്തരം പരിപാടികളിൽ വേണ്ടത്ര മുൻകരുതലെടുക്കാത്തതുകൊണ്ട് സ്റ്റേഡിയങ്ങളുടെ കായിക പ്രതലങ്ങളെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേഡിയങ്ങളിൽ കായികേതര പരിപാടികൾ നടത്തുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ നിലവിൽ ശോചനീയാവസ്ഥയിലായ 18 സ്റ്റേഡിയങ്ങൾ പുനർനിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. വയനാട് ജില്ലയിലെ തൊണ്ടർനാട്, വൈത്തിരി ഗ്രാമപഞ്ചായത്തുകളിലെ സ്റ്റേഡിയങ്ങൾ പുനരുദ്ധാരണം വയനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇത്തരം സ്റ്റേഡിയങ്ങൾ പുനരുദ്ധരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏകദേശം ഒന്നര വർഷത്തിലധികം കാലയളവിൽ സംസ്ഥാനത്താകമാനം സ്റ്റേഡിയങ്ങളുടെ പ്രവർത്തനം നിലച്ചത് സ്റ്റേഡിയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയും, കായിക വകുപ്പിന്റെ ബജറ്റ് വിഹിതം, പ്ലാൻ, നോൺ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചു സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം പരിപാലനം എന്നിവയും 35-ാമത് ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെയും നവീകരണവും പരിപാലനവും നടത്തിവരുന്നുണ്ട്. കായിക വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം, കൃത്യമായ പരിപാലനം എന്നിവ ലക്ഷ്യമിട്ടും നിലവിലുള്ള സ്റ്റേഡിയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു |

| | | | |
|---|---|---|---|
| | | | പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് കായിക വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ ഏകീകൃതവുമായ നടത്തിപ്പും, പരിപാലനവും ഉറപ്പ് വരുത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ കിഫ്ബി ധനസഹായത്തോടു കൂടി നിർമ്മിച്ചുവരുന്ന സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനവും പ്രസ്തുത കമ്പനി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ കായിക വകുപ്പ് മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ തുടർ നടത്തിപ്പ്, പരിപാലനം എന്നിവ ഉറപ്പു വരുത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട സ്ഥല ഉടമസ്ഥരുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നുണ്ട്. ഇതുകൂടാതെ കായികേതര പ്രവർത്തനങ്ങൾക്ക് സ്റ്റേഡിയങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്ന രീതി നിലവിലുണ്ട്. സ്റ്റേഡിയങ്ങളുടെ നിലനിൽപ്പിന് കായികേതര വരുമാനം ഒരു അഭിവാജ്യഘടകമാണെങ്കിലും, ഇത്തരം പരിപാടികളിൽ വേണ്ടത്ര മുൻകരുതലെടുക്കാത്തതുകൊണ്ട് സ്റ്റേഡിയങ്ങളുടെ കായിക പ്രതലങ്ങളെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേഡിയങ്ങളിൽ കായികേതര പരിപാടികൾ നടത്തുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ നിലവിൽ ശോചനീയാവസ്ഥയിലായ 18 സ്റ്റേഡിയങ്ങൾ പുനർനിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. വയനാട് ജില്ലയിലെ തൊണ്ടർനാട്, വൈത്തിരി ഗ്രാമപഞ്ചായത്തുകളിലെ സ്റ്റേഡിയങ്ങൾ പുനരുദ്ധാരണം വയനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം ഉൾപ്പെടെയുള്ളവയുടെ ശോച്യാവസ്ഥ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണം DBOT (Design, Build, Operate & Transfer) വ്യവസ്ഥയിലാണ് നടത്തിയിട്ടുള്ളത്. കേരള സർവ്വകലാശാലയും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള കൺസഷൻ എഗ്രിമെന്റ് പ്രകാരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡാണ്. സ്റ്റേഡിയം പരിപാലനത്തിനായി അനുവദിച്ചിട്ടുള്ള ആന്യൂറ്റി തുക ഉപയോഗിച്ച് ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുതകുന്ന രീതിയിൽ നവീകരണ |

പ്രവർത്തനങ്ങൾ നടത്തിവരികയാണ്. താഴെപ്പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. i. നിലവിലുള്ള എക്സ്പാൻഷൻ ജോയിന്റിലെ ലീക്കുകൾ പരിഹരിക്കുന്ന പ്രവൃത്തികൾ ii. നീന്തൽക്കുളത്തിലേക്കുള്ള വഴി വൃത്തിയാക്കൽ iii. കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തികൾ iv. ബെയ്സ്മെന്റിലേയും ഇലക്ട്രിക് റൂമിലേയും പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് പ്രവൃത്തികൾ v. ക്രാക്ക് മെയിന്റനൻസും വാട്ടർ പ്രൂഫിംഗ് പ്രവൃത്തികളും vi. ഹൈമാസ്റ്റ് ലൈറ്റ്, റൂഫ് ട്രസ്സ് എന്നിവയുടെ പെയിന്റിംഗ് പ്രവൃത്തികൾ vii. കേടായ ഫർണിച്ചറുകളും തടി ഡോറുകളും മാറ്റി വയ്ക്കുന്ന പ്രവൃത്തികൾ viii. ഗ്രൗണ്ട് ഫ്ലോർ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ ix. അനുബന്ധ മെക്കാനിക്കൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ കേരള ക്രിക്കറ്റ് അസോസിയേഷനും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള വെന്യൂ ഹയർ എഗ്രിമെന്റ് പ്രകാരം സ്റ്റേഡിയത്തിന്റെ ഫീൽഡ് ഓഫ് പ്ലേ നവീകരണം കേരള ക്രിക്കറ്റ് അസോസിയേഷന്റെ ചുമതലയാണ്. ആയത് പ്രകാരം സ്റ്റേഡിയത്തിലെ പുല്ല് മാറ്റുന്ന പ്രവൃത്തികൾ, കള പറിക്കുന്ന പ്രവൃത്തികൾ, സ്പ്രിംഗ്ലർ മാറ്റി വയ്ക്കുന്ന പ്രവൃത്തികൾ എന്നിവയും ഒമ്പത് പ്രാക്ടീസ് പിച്ചുകളുടെ നിർമ്മാണവും പുരോഗമിച്ചു വരികയാണ്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു കീഴിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഫുട്ബോൾ ടർഫിന്റെ പ്രവർത്തനം പൂർത്തിയാക്കുകയും സിന്തറ്റിക് ട്രാക്ക് നിർമ്മാണപ്രവൃത്തി 60%പൂർത്തിയാക്കിയിട്ടുമുണ്ട്. 2) ജി.വി.രാജ ഇൻഡോർ സ്റ്റേഡിയത്തിലെ റൂഫിന് കനത്ത കാറ്റിലും മഴയിലും കേട്പാടുകൾ സംഭവിച്ചതിനാൽ റൂഫ് നവീകരണം പൂർത്തീകരിച്ചു. 3) ഇടവ സ്റ്റേഡിയത്തിലെ ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 4) ഇൻഡോർ സ്റ്റേഡിയം, കോട്ടയം, ഇടുക്കി വോളീബോൾ അക്കാഡമി എന്നിവയുടെ റൂഫിൽ ചോർച്ചയും വുഡൻ ഫ്ലോറിംഗ് നാശനഷ്ടവും ഉണ്ടായതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 5) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിലെ നിലവിലെ ഹോസ്റ്റൽ കെട്ടിടം അത്യാധുനിക സൗകര്യങ്ങളോടെ നവീകരിച്ചിട്ടുണ്ട്. 6) വയനാട് ജില്ലാ സ്റ്റേഡിയം മുണ്ടേരി കൽപ്പറ്റയുടെ ഒന്നാം ഘട്ട സിവിൽ പ്രവൃത്തികൾ 99% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം

| | | | |
|---|---|---|---|
| | | | ഘട്ടപ്രവൃത്തിയുടെ ഭാഗമായി സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 7) കക്കാട് സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പൂളിൽ അറ്റകുറ്റ പണികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-II</u>

<u>കായിക വകുപ്പിന്റെ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തി വരുന്ന മറ്റ് പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

| നം | പ്രവൃത്തിയുടെ പേര് | അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| തിരുവനന്തപുരം | | | |
| 1 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഫുൾ പി.യു.ആർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം | ₹. 2,75,03,377 | 60% പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | തിരുവനന്തപുരം കറ്റച്ചക്കോണം ഗവൺമെന്റ് സ്കൂളിൽ ചുറ്റുമതിൽ, ഗ്യാലറി നിർമ്മാണം | ₹. 48,83,000 | ധാരണാപത്രം ലഭ്യമായതിന് ശേഷം ടെണ്ടർ ചെയ്യുന്നതാണ് |
| 3 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ നവീകരണ പ്രവൃത്തികൾ | ₹. 48,54,150 | ടെണ്ടർ ചെയ്യണം |
| 4 | ജിമ്മിജോർജ്ജ് സ്പോർട്സ് ഹബ്ബിന്റെ കോമ്പൗണ്ട് വാൾ നിർമ്മാണവും, അനുബന്ധ പ്രവൃത്തികളും | ₹. 47,10,000 | 95% പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | തിരുവനന്തപുരം പി.ടി ഉഷ കോച്ചിംഗ് സെന്ററിലെ കോൺഫറൻസ് ഹാൾ നവീകരണ പ്രവൃത്തികൾ | ₹. 21,00,000 | പ്രവൃത്തികൾ 80% പൂർത്തീകരിച്ചു |
| | കൊല്ലം | | |
| 6 | കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ നവീകരണവും ഇലക്ട്രിക്കൽ പ്രവൃത്തിയും | ₹. 39,92,000 | ടെണ്ടർ ചെയ്യേണ്ടതുണ്ട് |
| | എറണാകുളം | | |
| 7 | കോതമംഗലം പല്ലാരിമംഗലം പഞ്ചായത്തിൽ സെവൻസ് മഡ് ഫുട്ബോൾ കോർട്ട്, ഗ്യാലറി, ചെയിഞ്ച് റൂം, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം | ₹. 72,12,000 | ടെണ്ടർ ഘട്ടം |
| | ഇടുക്കി | | |
| 8 | മൂന്നാർ ഒഅംഇ സ്പോർട്സ് ഹോസ്റ്റലിന്റെ നവീകരണം | ₹. 1,07,02,810 | പ്രവൃത്തികൾ 65% പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | തൃശ്ശൂർ | | |
| 9 | തൃശൂർ വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ നവീകരണ പ്രവൃത്തികൾ | ₹. 41,57,500 | ടെണ്ടർ ചെയ്യേണ്ടതുണ്ട് |
| | മലപ്പുറം | | |
| 10 | മുക്കുത്തല പി.സി.എൻ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സെവൻസ് ഫുട്ബോൾ ടർഫ്, 200 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം | ₹. 3,00,00,000 | ടെണ്ടർ ഘട്ടം |
| | പാലക്കാട് | | |
| 11 | മിനി സ്റ്റേഡിയം, അനങ്ങനടി | ₹. 3,00,00,000 | ടെണ്ടർ ഘട്ടം |
| | കണ്ണൂർ | | |
| 12 | കണ്ണൂർ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം | ₹. 2,83,20,000 | ടെണ്ടർ ഘട്ടം |

S.O